**<u>കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>**
**<u>(ഹാജർ: സുരേന്ദ്രൻ.എൻ)</u>**

വിഷയം: ജീവനക്കാര്യം – ക്ലാർക്ക് തസ്തികയിൽ ശ്രീ. പി.പി. രവീന്ദ്രന് ക്ലാർക്ക് – ടൈപ്പിസ്റ്റ്, സാമൂഹ്യനീതിവകുപ്പ്– മാതൃ വകുപ്പിലേക്ക് തിരികെ പ്രവേശിക്കുന്നതിനുള്ള അനുമതി നൽകിയത് – പുനർ നിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം;– 1. ഈ ഓഫീസിലെ 16/6/14 ലെ എ1–14(2) നമ്പർ ഉത്തരവ്.
2. പഞ്ചായത്ത് ജോയ്ന്റ് ഡയറക്ടറുടെ(ഭരണം) 25/02/2015 ലെ ഇ6–1927/15 നമ്പർ കത്ത്.
3. പഞ്ചായത്ത് ജോയ്ന്റ് ഡയറക്ടറുടെ(ഭരണം) 24/12/2014 ലെ ഇ4–04/14 നമ്പർ ഉത്തരവ്.
4. ഈ ഓഫീസിലെ 31/12/2014 ലെ എ1–14/14 നമ്പർ ഉത്തരവ്
5. പഞ്ചായത്ത് ജോയ്ന്റ് ഡയറക്ടറുടെ (ഭരണം) 06/03/15 ഇ4–04/15 നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നമ്പർ: എ1– 01/14 തിയ്യതി: 18/03/2015</u>**

കാവിലുംപാറ ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായി സേവനമനുഷ്ഠിച്ചു വരവെ പി.എസ്.സി മുഖേന സാമൂഹ്യ നീതി വകുപ്പിൽ ക്ലാർക്ക് ടൈപ്പിസ്റ്റായി നിയമനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം പഞ്ചായത്ത് വകുപ്പിൽ നിന്നും വിടുതൽ ചെയ്ത ശ്രീ. പി.പി രവീന്ദ്രൻ എന്നയാൾ ടിയാന് പഞ്ചായത്ത് വകുപ്പിൽ പുനർ നിയമനം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം കോഴിക്കോട് ജില്ലയിൽ തുടർന്നുണ്ടാകുന്ന ക്ലാർക്ക് തസ്തികയിലെ ഒഴിവിൽ പുനർ നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു.

പഞ്ചായത്ത് ജോയ്ന്റ് ഡയറക്ടറുടെ (ഭരണം) പരാമർശം (3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്ന് റിവേർട്ട് ചെയ്യപ്പെട്ട ശ്രീ. ശങ്കരൻ മൂസത് എന്നയാളെ കോഴിക്കോട് ജില്ലയിലേക്ക് അലോട്ട് ചെയ്ത് ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ടിയാന് ക്ലാർക്ക് തസ്തികയിൽ നിയമനം നല്കിയിരുന്നു. എന്നാൽ ടിയാൻ മലപ്പുറം ജില്ലയിൽ തുടരുകയും പഞ്ചായത്ത് ജോയ്ന്റ് ഡയറക്ടർ(ഭരണം) പരാമർശം (5) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്കായി മലപ്പുറം ജില്ലയിൽ നിയമനം നൽകുകയുമുണ്ടായി. മേൽ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിൽ ഉണ്ടായ ക്ലാർക്ക് തസ്തികയിലെ ഒഴിവിൽ സാമൂഹ്യ നീതി വകുപ്പിൽ ക്ലാർക്ക് ടൈപ്പിസ്റ്റായ ശ്രീ. പി.പി. രവീന്ദ്രന് 1958 ലെ കെ.എസ് & എസ്.എസ്. ആർ റൂൾ 8 പ്രകാരം കാവിലുംപാറ ഗ്രാമപഞ്ചായത്തിൽ പുനർ നിയമനം നല്കി ഉത്തരവാകുന്നു.

ടിയാൻ ജോലിയിൽ പ്രവേശിച്ച വിവരം കാവിലുംപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി യഥാസമയം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഇപ്പോൾ നല്കിയിട്ടുള്ള നിയമനം പഞ്ചായത്ത് വകുപ്പിലെ 2015 ലെ പൊതു സ്ഥലംമാറ്റത്തിന് വിധേയമായി ക്രമീകരിക്കപ്പെടാവുന്നതാണ്.

(ഒപ്പ്)

**സുരേന്ദ്രൻ. എൻ**
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കോഴിക്കോട്

പകർപ്പ്;

1. വ്യക്തിക്ക്
2. സെക്രട്ടറി, കാവിലുംപാറ ഗ്രാമപഞ്ചായത്ത്
3. പഞ്ചായത്ത് ഡയറക്ടർ(ആമുഖ കത്ത് സഹിതം)
4. കരുതൽ /അധികം

//ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്.

SB.19 /3/2015